കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ) :

(എ) സ്വീകരിച്ചിട്ടുണ്ട്.

(ബി) 2015-16 വർഷത്തേക്കുള്ള കേന്ദ്ര ബഡ്ജറ്റിൽ റബ്ബർ സംഭരണത്തിന് പ്രത്യേക പദ്ധതി വിഹിതം വകയിരുത്തിയിട്ടുള്ളതായി വിവരം ലഭിച്ചിട്ടില്ല.

(സി) സ്വാഭാവിക റബ്ബറിന്റെ ഉപയോഗം റോഡ് ടാറിംഗ് ഉൾപ്പെടെയുള്ള ആവശ്യത്തിന് തദ്ദേശീയമായി വർദ്ധിപ്പിക്കുക എന്ന് സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ആയതനുസരിച്ച് കേന്ദ്ര വാണിജ്യ വകുപ്പ്, കേന്ദ്ര റോഡ് ട്രാൻസ്പോർട്ട് വകുപ്പിനോട് പ്രസ്തുത നിർദ്ദേശം പരിഗണിക്കുവാൻ ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്.

തരിശുനിലം കൃഷി യോഗ്യമാക്കുന്നതിന് പദ്ധതി

21 (*141) ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. ജോസഫ് വാഴക്കൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് തരിശുനിലം കൃഷി യോഗ്യമാക്കി മാറ്റുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ;

(ബി) പ്രസ്തുത പദ്ധതിവഴി എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കാൻ ഉദ്ദേശിക്കുന്നത് ; വിശദമാക്കുമോ ;

(സി) പ്രസ്തുത പദ്ധതിയുമായി സഹകരിക്കുന്നത് ആരെല്ലാമാണ് ; വിശദമാക്കുമോ;

(ഡി) പദ്ധതി നടപ്പിലാക്കിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ) :

(എ) ഉണ്ട്. ആർ.കെ.വി.വൈ. പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്ത് 1550 ഹെക്ടർ തരിശു ഭൂമിയിൽ ഹെക്ടറിന് 11500 രൂപ സബ്സിഡി നിരക്കിൽ നെൽ കൃഷി ചെയ്യുന്നതിനുള്ള 178.25 ലക്ഷം രൂപയുടെ പദ്ധതി നടപ്പിലാക്കി വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാനത്ത് തരിശുനിലം കൃഷി യോഗ്യമാക്കി മാറ്റുന്നതിന് 2014-15-ലെ പച്ചക്കറി കൃഷി വികസന പദ്ധതിയിൻ കീഴിലും പദ്ധതി രൂപീകരിച്ചിട്ടുണ്ട്. ഇതുപ്രകാരം പച്ചക്കറി കൃഷിക്ക് അനുയോജ്യമായ 500 ഹെക്ടർ തരിശുനിലത്ത് പച്ചക്കറി കൃഷി ചെയ്യുന്നതിന് തുക വകയിരുത്തിയിട്ടുണ്ട്. ഒരു ഹെക്ടറിൽ കൃഷി ചെയ്യുന്നതിന് ഭൂ ഉടമയ്ക്ക് 5000 രൂപയും കൃഷിചെയ്യുന്ന ആളിന് 25000 രൂപയും സഹായമായി നൽകുന്നു. 500 ഹെക്ടർ തരിശു നിലം കൃഷി ചെയ്യുന്നതിന് 150 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഇതുവരെ 441.582 ഹെക്ടർ തരിശുനിലത്തിൽ പച്ചക്കറി കൃഷി ചെയ്തുകഴിഞ്ഞു. ബാക്കി തരിശുഭൂമിയിൽ കൃഷിയിറക്കാനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു.

(ബി) മുൻവർഷങ്ങളിൽ കൃഷി ചെയ്യാതെ തരിശായിക്കിടന്ന ഭൂമി കൃഷി യോഗ്യമാക്കി മാറ്റിയതുവഴി കൂടുതൽ തരിശുഭൂമി കൃഷി യോഗ്യമാക്കാനും ഉത്പാദനം, ഉത്പാദനക്ഷമത എന്നിവ വർദ്ധിപ്പിക്കുവാനും അത്തരത്തിൽ നെല്ല്, പച്ചക്കറി എന്നിവയുടെ ആകെ വിസ്തീർണ്ണം വർദ്ധിപ്പിക്കുക വഴി സംസ്ഥാനത്ത് ഉത്പാദനം വർദ്ധിപ്പിക്കുന്നതിനും പഞ്ചായത്തുകളെ തരിശുരഹിത പഞ്ചായത്താക്കി മാറ്റുകയും ചെയ്യുക എന്നതാണ് ഇതിന്റെ പ്രധാന ഉദ്ദേശ്യം. തരിശുനിലത്തിൽ പച്ചക്കറി കൃഷി എന്ന പദ്ധതി നടപ്പിലാക്കുന്നത് വഴി സംസ്ഥാനത്ത് 500 ഹെക്ടർ തരിശുനിലത്തിൽ പച്ചക്കറി കൃഷി ചെയ്യാനും അധികമായി 6000 ടൺ പച്ചക്കറി ഉത്പാദിപ്പിക്കാനും കഴിയുന്നതാണ്.

(സി) കുടുംബശ്രീ, ജനശ്രീ, സ്വാശ്രയ സംഘങ്ങൾ, തരിശുഭൂമിയുടെ ഉടമകൾ, ഭൂരഹിത കർഷകർ, കർഷക ഗ്രൂപ്പുകൾ, യൂത്ത് ക്ലബുകൾ എന്നിവർ കൂടാതെ കൃഷി ചെയ്യാൻ താത്പര്യമുള്ള എല്ലാവർക്കും ഈ പദ്ധതിയിൽ പങ്കാളികൾ ആകാവുന്നതാണ്. പഞ്ചായത്ത് തലത്തിൽ കൃഷി ഓഫീസർ ആണ് പദ്ധതിയുടെ മേൽനോട്ടം വഹിക്കുന്നത്. കർഷകർക്ക് ആവശ്യമായ വിത്ത്, തൈകൾ എന്നിവ കൃഷി വകുപ്പിന്റെ ഫാമുകൾ, കേരള കാർഷിക സർവ്വകലാശാല, വി.എഫ്.പി.സി.കെ. എന്നിവിടങ്ങളിൽനിന്ന് വാങ്ങാവുന്നതാണ്.

(ഡി) I. <u>തരിശുനിലത്തിൽ നെൽകൃഷി</u> :

2011-12 വർഷം 14 ജില്ലകളിലുമായി ആകെ 3407 ഹെക്ടർ സ്ഥലത്ത് തരിശുനില നെൽ കൃഷി നടപ്പിലാക്കാൻ സാധിച്ചു. ആയതിനായി 246.37 ലക്ഷം രൂപ ചെലവഴിക്കുകയുണ്ടായി. 2012-13 വർഷം ആകെ 1373.4 ഹെക്ടർ തരിശുഭൂമി 321.27 ലക്ഷം രൂപ ചെലവഴിച്ച് കൃഷി യോഗ്യമാക്കുകയുണ്ടായി. 2013-2014 വർഷം 1903.95 ഹെക്ടർ തരിശുനിലങ്ങളിൽ 566.33 ലക്ഷം രൂപ ചെലവഴിച്ച് പദ്ധതി നടപ്പിലാക്കുകയുണ്ടായി.

LIBRARY ARCHIVES Kerala Legislative Assembly

II. തരിശുനിലത്തിൽ പച്ചക്കറി കൃഷി :

2014 -15 വർഷത്തെ പദ്ധതി പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. ഇതുവരെ 14 ജില്ലകളിലായി 441.582 ഹെക്ടറിൽ പച്ചക്കറി കൃഷി ചെയ്തിട്ടുണ്ട്. 2013-14 വർഷത്തിൽ തരിശുനിലത്തിൽ കൃഷി ചെയ്യുന്ന പദ്ധതി അനുസരിച്ച് താഴെപ്പറയുന്ന രണ്ട് പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. അതിന്റെ വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

1. പച്ചക്കറി വികസന പദ്ധതി -തരിശുനിലം കൃഷി :

2013-14 ലെ പച്ചക്കറി വികസന പദ്ധതി പ്രകാരം 1186.5691 ഹെക്ടർ തരിശുനിലത്തിൽ പച്ചക്കറി കൃഷി ചെയ്തിട്ടുണ്ട്. ഒരു ഹെക്ടർ തരിശുനിലം കൃഷി ചെയ്യുന്നതിന് 30000 രൂപയാണ് ധനസഹായമായി നൽകിയത്. ഒരു ഹെക്ടറിന് ഭൂ ഉടമയ്ക്ക് 5000 രൂപയും കൃഷി ചെയ്യുന്ന ആളിന് 25000 രൂപയും ധനസഹായമായി നൽകി. ആകെ 351.162 ലക്ഷം രൂപ ഈ പദ്ധതി പ്രകാരം ധനസഹായമായി നൽകി.

2. തരിശു രഹിത പഞ്ചായത്ത്

2013-14-ലെ തരിശു രഹിത പഞ്ചായത്ത് പദ്ധതി പ്രകാരം വാഴ, കിഴങ്ങുവർഗ്ഗ വിളകൾ എന്നിവ കൃഷി ചെയ്യുന്നതിന് ധനസഹായം നൽകിയിട്ടുണ്ട്. തരിശുനിലത്തിൽ വാഴ കൃഷി ചെയ്യുന്നതിന് ഹെക്ടറിന് 40000 രൂപ നിരക്കിൽ 664.75 ഹെക്ടർ വാഴ കൃഷി ചെയ്തതിന് 261.65 ലക്ഷം രൂപ സഹായ ധനം നൽകി. കിഴങ്ങുവർഗ്ഗ വിളകളുടെ കൃഷിക്ക് ഹെക്ടറിന് 30000 രൂപ നിരക്കിൽ 266.26 ഹെക്ടറിൽ കിഴങ്ങുവിള കൃഷി ചെയ്തതിന് 77.69 ലക്ഷം രൂപ സഹായധനം നൽകി.

കാർഷിക വിള ഇൻഷുറൻസ് പദ്ധതി

22 (*142) ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. ലൂഡി ലൂയിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക വിള ഇൻഷ്വറൻസ് പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ ; എങ്കിൽ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ ; പ്രസ്തുത പദ്ധതിക്ക് കേന്ദ്രാനുമതി ലഭിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly